"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി. ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള തുക കക്ഷിയായ ശ്രീ. അനീഷിന് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ.) വകുപ്പ്**

G.O.(Rt)No.976/2024/LSGD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 21/12/2019-ലെ എൽ.എ.ആർ.361/09 നമ്പർ കേസിലെ വിധിന്യായം.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15.11.2023 തീയതിയിലെ എസ്1/909/2021/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. അനീഷ് സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവർഡ് തുകയായ 5,17,927/- രൂപ (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരിത്തി ഇരുപത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് ട്രിഡാ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ എൽ.എ. റീസർവ്വേ നം.153/21-ൽ ഉൾപ്പെട്ട 0.15 ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ. 361/09 നമ്പർ കേസിലെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 5,17,927/- രൂപ (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) '4217-60-800-93-Payment of Compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും ശ്രീ. അനീഷ്, ശ്യാമള ഭവൻ, ആനയറ പി.ഒ.,

തിരുവനന്തപുരം എന്ന കക്ഷിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA LEKSHMI M B
ADDITIONAL SECRETARY

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ).
ശ്രീ. അനീഷ്, ശ്യാമള ഭവൻ, ആനയറ പി.ഒ., തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/137/2024/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

Signed by
Biju. B
സെക്ഷൻ ഓഫീസർ
Date: 10-06-2024 15:16:59